## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5984** **19.11.2019-ൽ മറുപടിക്ക്**

## മുല്ലശ്ശേരി-പറപ്പൂർ സബ് സ്റ്റേഷനുകളെ ബന്ധിപ്പിച്ച് പുതിയ ലൈൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി. മുല്ലശ്ശേരി-പറപ്പൂർ സബ് സ്റ്റേഷനുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള പുതിയ ലൈൻ നിർമ്മാണ ത്തിന്റെ വിശദാംശങ്ങൾ വ്യക്തമാ ക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരി ക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;<br><br>(സി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രസ്തുത പദ്ധതി മൂലം എന്തെല്ലാം പ്രയോജനങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നതെന്നും വിശദമാക്കാമോ? | (എ) (ബി) & (സി) പറപ്പൂർ, മുല്ലശ്ശേരി എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന 33 കെ.വി സബ്സ്റ്റേഷനുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് 7.5 കി.മീ. 33 കെ.വി ലൈൻ നിർമ്മിക്കുന്ന ജോലിക്ക് 1,92,00,000/- രൂപയാണ് എസ്റ്റിമേറ്റ് തുക. നിലവിൽ 33 കെ.വി മുല്ലശ്ശേരി സബ്സ്റ്റേഷൻ 110 കെ.വി കണ്ടശ്ശാംകടവ് സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി പറപ്പൂർ സബ്സ്റ്റേഷൻ 110 കെ.വി വിയ്യൂർ സബ്സ്റ്റേഷനിൽ നിന്നും ആണ് ഫീഡിംഗ്. 110 കെ.വി സബ്സ്റ്റേഷനുകളിൽ ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ ഈ 33 കെ.വി സബ്സ്റ്റേഷനുകളേയും ബാധിക്കുന്നു. 33 കെ.വി സബ്സ്റ്റേഷനുകൾ തമ്മിൽ ബന്ധിപ്പിച്ചു കഴിഞ്ഞാൽ ഏതെങ്കിലും ഒരു 110 കെ.വി സബ്സ്റ്റേഷനിലെ വൈദ്യുത തടസ്സം ഈ 33 കെ.വി സബ്സ്റ്റേഷനുകളെ ബാധിക്കില്ല. തദ്വാര ഉപഭോക്താക്കൾക്ക് തടസ്സമില്ലാതെ വൈദ്യുതി നൽകാനാകും. ഈ പദ്ധതി 2020 മേയ് മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ